പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1482 — 13.06.2014 ലെ മറുപടിയ്ക്ക്

## കർഷക കടാശ്വാസ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കർഷക കടാശ്വാസ കമ്മീഷൻ മുഖേന എത്ര തുക വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്താമോ; | (എ) കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്യുന്ന കടാശ്വാസത്തുക സഹകരണ സംഘം രജിസ്ട്രാർ മുഖേനയാണ് വിതരണം ചെയ്യുന്നത്. ഈ സർക്കാർ അധികാരമേറ്റ ശേഷം കമ്മീഷന്റെ ശിപാർശ പ്രകാരം 68,36,49,827/- രൂപ ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് /ബാങ്കുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) അപേക്ഷകളിൽ എത്ര തുക കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (31.03.2014 വരെ) 75,93,63,655/- രൂപയുടെ കടാശ്വാസം കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. |
| (സി) കർഷക കടാശ്വാസത്തിനു വേണ്ടി എത്ര അപേക്ഷകൾ തീർപ്പു കല്പിക്കാനായി കമ്മീഷന്റെ മുൻപാകെ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ? | (സി) വയനാട് ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള കടങ്ങൾ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നതിനെത്തുടർന്ന് നിലവിൽ കമ്മീഷനിൽ സ്വീകരിച്ചു വരുന്നവ ഉൾപ്പെടെ 69,203 അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ